**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 763** **24-08-2022 - ൽ മറുപടിയ്ക്ക്**

**നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ഗ്രൗണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ/ടർഫ്/ഫുട്ബാൾ/ക്രിക്കറ്റ് ഗ്രൗണ്ടുകൾ സ്ഥാപിച്ചിരുന്നോ; എങ്കിൽ അവ എവിടെയെല്ലാം പ്രവർത്തന സജ്ജമായി എന്നറിയിക്കാമോ; | (എ) | രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ താത്പര്യം പ്രകടിപ്പിച്ച് അപേക്ഷ സമർപ്പിച്ച് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ/ ടർഫ്/ ഫുട്ബാൾ/ ക്രിക്കറ്റ്ഗ്രൗണ്ടുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ പറവൂർ വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>പാലക്കാട് ജില്ലയിൽ പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ കടന്നമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻഡോർ ടർഫ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | കർമ്മ പദ്ധതിയ്ക്ക് ശേഷം കൂടുതൽ സഹകരണ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിച്ചാൽ ടർഫ് / ഗ്രൗണ്ട് സ്ഥാപിക്കുവാൻ അനുമതി നൽകുമോ; വിശദമാക്കാമോ? | (ബി) | ടർഫ് / ഗ്രൗണ്ട് സ്ഥാപിക്കുവാൻ സഹകരണ സംഘങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ